(സി) സർക്കാർ വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 65 ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിലും 77 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും കോമേഴ്സ് ഗ്രൂപ്പിൽ കമ്പ്യൂട്ടർ സയൻസ് ഓപ്ഷണൽ സബ്ജക്ട് ആയി പഠിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കോഴ്സ് അനുവദിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചതിനെതിരെ കേസ്

58 (841) ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം ഹയർസെക്കണ്ടറി സ്കൂൾ അനുവദിച്ചപ്പോൾ മുസ്ലീം സമുദായത്തേയും മറ്റു പിന്നോക്ക സമുദായങ്ങളേയും അവഗണിച്ചുവെന്നാരോപിച്ചുകൊണ്ട് ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിട്ടുള്ളതായി അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സ് നൽകിയതാരാണ്;

(സി) ഈ കേസ്സിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊഫ. കെ. എം. ബഹാവുദ്ദീൻ, ഡോ. സി.കെ. കരിം, പ്രൊഫ. സി.ഐ. അബ്ദുറഹിമാൻ എന്നിവർ.

(സി) ശാസ്ത്രീയമായ പഠനത്തിന്റെയോ വിദ്യാഭ്യാസപരമായ പ്രാദേശികാവശ്യങ്ങൾ സംബന്ധിച്ച സർവേയുടെയോ അടിസ്ഥാനത്തിലല്ല ഹയർ സെക്കണ്ടറി കോഴ്സുകൾ സ്കൂളുകളിൽ അനുവദിച്ചതെന്നും മുസ്ലീം സമുദായത്തിന് അർഹതയനുസരിച്ച് ലഭിക്കേണ്ടത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടില്ലെന്നുമാണ് ആരോപണങ്ങൾ.

കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പ്രീഡിഗ്രി വേർപ്പെടുത്തൽ

59 (842) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി വേർപ്പെടുത്തുമ്പോൾ കോർപ്പറേറ്റു മാനേജ്മെന്റുകൾക്ക് പകരം ഹയർ സെക്കണ്ടറി സീറ്റുകൾ നൽകണമെന്ന് നിർദ്ദേശം ഉണ്ടോ;

(ബി) ഇത്തരം മാനേജ്മെന്റുകൾക്ക് ഹൈസ്കൂളുകൾ ഇല്ലെങ്കിലും ഹയർ സെക്കണ്ടറി അനുവദിക്കാമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly